JAGRATHA 121

Vol-4, N0:2
16-01- 2010

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom, Kochi-25, Ph: 0484 2806262, kcbcshv@gmail.com

(കേരള കത്തോലിക്കാസഭയുടെ ഒരു ഇന്റർനെറ്റ് വാർത്താമാധ്യമം)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. സ്ത്രീകൾ കടമകൾ നിർവഹിക്കാൻ മുന്നോട്ടുവരണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

02. സ്ത്രീകളുടെ അർപ്പണ മനോഭാവം സഭയുടെ സമ്പത്ത്: ഡോ.സൂസപാക്യം

03. ശക്തമായ മുന്നേറ്റത്തിലൂടെ മാത്രമേ മാറ്റങ്ങൾ ഉണ്ടാകൂ: മാർ തോമസ് ചക്യത്ത്

04. സഭാസ്വത്തുക്കളുടെ ഭരണത്തിൽ സർക്കാർ കൈ കടത്തരുത്: കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ

05. മിശ്ര കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം: ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ

06. സർക്കാർ വിവേചനം കാണിക്കരുത്: ഏബ്രഹാം മാർ യൂലിയോസ്

07. മാർക്സിസവും ദൈവവിശ്വാസവും ഒന്നിച്ചുപോകില്ല: എകെസിസി

08. ക്രൈസ്തവ സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് പവ്വത്തിൽ

## 01. സ്ത്രീകൾ കടമകൾ നിർവഹിക്കാൻ മുന്നോട്ടുവരണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിൽ സ്ത്രീകൾ തങ്ങളുടെ കുടുംബപരവും സാമൂഹികവുമായ ദൗത്യങ്ങൾ വേണ്ടവിധം മനസിലാക്കി മുന്നോട്ടുവരേണ്ടത് ആവശ്യമാണെന്ന് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. കെസിബിസി വനിതാ കമ്മീഷന്റെ പുതിയ ഭാരവാഹികളുടെ പിഒസിയിൽ നടന്ന സ്ഥാനാരോഹണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു ബിഷപ്. പുതിയ സെക്രട്ടറി ആനി റോഡ്നിക്ക് പിതാവ് നിയമനപത്രം കൈമാറി. പഴയ ഭാരവാഹികളായ സെക്രട്ടറി ബീനാ സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി പ്രഫ. സി.സി ആലീസുകുട്ടി, ട്രഷറർ സിസ്റ്റർ ജോളി സിഎംസി എന്നിവരെ മെമന്റോ നല്കി ആദരിച്ചു. യോഗത്തിൽ ഫാ. സ്റ്റീഫൻ ആലത്തറ, ഫാ. ജോസ് കോട്ടയിൽ, റോസക്കുട്ടി എബ്രഹാം, പ്രഫ. താരാ ജോൺസ്, ഫാ. ജോസ് കൊച്ചുപറമ്പിൽ, ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാസഭയിലെ എല്ലാം സംഘടനകളിലെയും പ്രസ്ഥാനങ്ങളിലേയും വനിതാ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപതാ, ഫൊറോനാ ഇടവകതലത്തിൽ കോർ ഗ്രൂപ്പുകൾ രൂപീകരിക്കാനും സ്ത്രീകളുടെ ശക്തീകരണം ലക്ഷ്യംവച്ച് പ്രവർത്തിക്കാനും കെസിബിസി രൂപീകരിച്ച ജൻഡർ പോളിസിക്കനുസരിച്ചു പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കാനും യോഗം തീരുമാനിച്ചു.

## 02. സ്ത്രീകളുടെ അർപ്പണ മനോഭാവം സഭയുടെ സമ്പത്ത്: ഡോ.സൂസപാക്യം

സ്ത്രീകളുടെ അർപ്പണ മനോഭാവം സഭയുടെ സമ്പത്താണെന്നും ലത്തീൻ സഭക്കാരായ സ്ത്രീകളുടെ സമഗ്ര വളർച്ചയ്ക്കും സമുദായംഗങ്ങളായ സ്ത്രീകൾ നേരിടുന്ന അവഗണനകൾ അവസാനിപ്പിക്കുന്നതിനും സ്ത്രീകളുടേതായ സമുദായ സംഘടന അനിവാര്യമാണെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബീഷപ് ഡോ.എം.സൂസപാക്യം. കെ.ആർ.എൽ.സി.സിയുടെ ആഭിമുഖ്യത്തിൽ ലത്തീൻ സമുദായാംഗങ്ങളായ സ്ത്രീകൾക്കു വേണ്ടി സംസ്ഥാനതലത്തിൽ രൂപീകരിച്ച കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷന്റെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്. കേരളത്തിലെ 11 ലാറ്റിൻ രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. കെ. ആർ.എൽ.സി.സി. സംസ്ഥാന ട്രഷറർ പ്രഫ. എസ്.റൈമൺ മുഖ്യപ്രഭാഷണം നടത്തി. കൺവീനർ ജയിൻ ആൻസിൽ ഫ്രാൻസിസ് അധ്യക്ഷതവഹിച്ചു. മോൺ.യൂജിൻ പെരേര, ഫാ. ജയിംസ് കുലാസ്, കെ.സി.ബി.സി. വനിതാ കമ്മീഷൻ സെക്രട്ടറി ആനി റോഡ്നി, സ്മിതാ ബിജോയി, ജൂലിയറ്റ് സേവ്യർ, സെലിൻ നെൽസൺ, അഡ്വ. ജോസി സേവ്യർ എന്നിവർ പ്രസംഗിച്ചു. ഫാ. മെൽക്കൺ, തോംസൺ ലോറൻസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 03. ശക്തമായ മുന്നേറ്റത്തിലൂടെ മാത്രമേ മാറ്റങ്ങൾ ഉണ്ടാകൂ: മാർ തോമസ് ചക്യത്ത്

അല്മായസമൂഹത്തിന്റെ ശക്തമായ മുന്നേറ്റത്തിലൂടെ മാത്രമേ സമൂഹത്തിലും സഭയിലും വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയുള്ളൂവെന്ന് എറണാകുളം അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ (എഐസിയു) സംഘടിപ്പിച്ച ദേശീയ അല്മായ പരിശീലന ക്യാമ്പ് കലൂർ റിന്യൂവൽ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയുടെ പ്രശ്നങ്ങളെ വിലയിരുത്തി പരിഹാരം കാണുകയും അവയ്ക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യേണ്ടത് അല്മായരുടെ ദൗത്യമാണ് - അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ വേറിട്ടു ചിന്തിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരണം. ദളിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ വിജയം കണ്ടെത്തുന്നതിലും സ്ത്രീ ശാക്തീകരണം നല്ല രീതിയിൽ സാധ്യമാക്കുന്നതിനും നമുക്ക് സാധിച്ചിട്ടില്ല. നാടിന്റെ പുരോഗതിക്ക് സത്യത്തിൽ അധിഷ്ഠിതമായ സ്നേഹം വളർത്തിയെടുക്കേണ്ടത് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ എഐ.സി.യു ദേശീയ സെക്രട്ടറി തോമസ് ജോൺ തേവരേത്ത് അധ്യക്ഷനായിരുന്നു. എ.ഐ.സി.യു നാഷണൽ വൈസ് പ്രസിഡന്റ് തോമസ് എക്സ് സെക്യുറാ മുഖ്യപ്രഭാഷണം നടത്തി. ചാൾസ് ഡയസ് എംപി, കെഎൽസിഎ പ്രസിഡന്റ് അഡ്വ.റാഫേൽ ആന്റണി, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി സെബാസ്റ്റ്യൻ, അഡ്വ.ജോസ് വിതയത്തിൽ, എഐസിയു ലാറ്റിൻ സംസ്ഥാന പ്രസിഡന്റ് ജോസഫ് വിക്ടർ മരക്കാശേരി എന്നിവർ പ്രസംഗിച്ചു.

## 04. സഭാസ്വത്തുക്കളുടെ ഭരണത്തിൽ സർക്കാർ കൈ കടത്തരുത്: കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ

സഭയുടെ സ്വത്തുക്കളുടെ ഭരണത്തിൽ കൈ കടത്താൻ സർക്കാർ ശ്രമിക്കരുതെന്ന് ഇവിടെ ഇന്നലെ സമാപിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ സമ്മേളനം മുന്നറിയിപ്പു നൽകി. സഭയ്ക്ക് സ്വത്തുക്കൾ സംഭാവന നൽകിയവർക്ക് അവ കാനോൻ നിയമം അനുസരിച്ച് വിനിയോഗിക്കപ്പെടണം എന്നാണ് ആഗ്രഹമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു. ചില സംസ്ഥാനങ്ങളിൽ ഭരണഘടനാപരമായി സഭയ്ക്കുള്ള അവകാശങ്ങൾക്കുനേരേ നടക്കുന്ന കൈയേറ്റ ശ്രമങ്ങളെ യോഗം അപലപിച്ചു. ഈ അവകാശങ്ങളിൽ, പ്രത്യേകിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താനുള്ള അവകാശത്തിൽ കൈകടത്താൻ ശ്രമിക്കരുതെന്ന് യോഗം മുന്നറിയിപ്പു നല്കി. ഒറീസയിൽ വർഗീയ കലാപത്തിൽ ദുരിതം അനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കണമെന്നും സമ്മേളനം

ആവശ്യപ്പെട്ടു. നാഗ്പൂർ പള്ളോട്ടൈൻ ആനിമേഷൻ സെന്ററിൽ കഴിഞ്ഞ ഒമ്പതിനാണ് സമ്മേളനം ആരംഭിച്ചത്. ഉദ്ഘാടന സമ്മേളനത്തിൽ മലങ്കര സഭാ മേജർ ആർച്ചുബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷനായിരുന്നു. കർദിനാൾ ടെലസ് ഫോർ ടോപ്പോ ഉദ്ഘാടനം ചെയ്തു. ഡോ.എഡ്വേർഡ് എടേഴത്ത് മുഖ്യപ്രഭാഷണം നടത്തി. യുവജനങ്ങൾ സഭയിലും സമൂഹത്തിലും എന്നതായിരുന്നു മുഖ്യ ചർച്ചാവിഷയം.

## 05. മിശ്ര കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം: ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ

ദളിത് സമുദായങ്ങളിൽനിന്നു ക്രൈസ്തവ, മുസ്ലീം മതം സ്വീകരിച്ചവർക്കു പട്ടികജാതി - പട്ടികവർഗ ആനുകൂല്യങ്ങൾ നല്കാനുള്ള രംഗനാഥ മിശ്ര കമ്മീഷൻ നിർദേശം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ ഉടൻ നടപടി സ്വീകരിക്കണമെന്നു കാത്തലിക് യൂണിയന്റെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ റീത്തുകളിലെ പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. ജസ്റ്റീസ് രംഗനാഥ മിശ്ര കമ്മീഷൻ റിപ്പോർട്ട് പാർലമെന്റിൽ വയ്ക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. റിപ്പോർട്ടിലെ നിർദേശങ്ങൾ ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കുന്നതായി എഐസിയു ദേശീയ വൈസ് പ്രസിഡന്റ് തോമസ് സെക്യൂറ, സ്റ്റേറ്റ് കോ ഓർഡിനേറ്റർ അഡ്വ.ജോസ് വിതയത്തിൽ, ദേശീയ സെക്രട്ടറി തോമസ് ജോൺ തേവാരത്ത് എന്നിവർ പറഞ്ഞു. അഡ്വ.എഡ്വേർഡ് ആരോഗ്യദാസ്, പ്രഫ.വി.എ വർഗീസ്, ജോസഫ് വിക്ടർ മരക്കാശേരി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു. മിശ്ര കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള പത്രികയും നിർദേശങ്ങളും കേന്ദ്ര സർക്കാർ എത്രയും വേഗത്തിൽ സുപ്രീംകോടതിയിൽ സമർപ്പിക്കണമെന്നും എഐസിയു നേതാക്കൾ ആവശ്യപ്പെട്ടു. റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പിലാക്കിക്കിട്ടുന്നതിന് ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്ത് ദളിത് ക്രൈസ്തവരുടെ റാലി സംഘടിപ്പിക്കും. ആവശ്യം ഉന്നയിച്ചു പ്രമേയം പാസാക്കാൻ പ്രത്യേക നിയമസഭാ സമ്മേളനം വിളിക്കാനും യോഗം ആവശ്യപ്പെട്ടു. ജില്ലാ കേന്ദ്രങ്ങളിൽ മാർച്ച് ആദ്യവാരത്തിൽ കൂട്ട ധർണയും സംഘടിപ്പിക്കും. മിശ്ര കമ്മീഷൻ റിപ്പോർട്ടിലെ നിർദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ക്രമം തീരുമാനിക്കാൻ പാർലമെന്റിൽ ചർച്ച നടത്തുന്നതിന് കേരളത്തിൽനിന്നുള്ള എംപി മാർ മുൻകൈ എടുക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

## 06. സർക്കാർ വിവേചനം കാണിക്കരുത്: ഏബ്രഹാം മാർ യൂലിയോസ്

ക്രൈസ്തവരോടുള്ള വിവേചനപരമായ സമീപനം തിരുത്താൻ കേരള സർക്കാർ തയാറാവണമെന്ന് മൂവാറ്റുപുഴ മെത്രാപ്പോലീത്ത ഏബ്രഹാം മാർ യൂലിയോസ് അഭിപ്രായപ്പെട്ടു. ഓൾ ഇന്ത്യ കാത്തലിക് യൂണിയന്റെ ദ്വിദിന സംസ്ഥാന നേതൃത്വ ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനീവ കരാർ അനുസരിച്ച് മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. ന്യൂനപക്ഷ വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകളുടെ സംസ്ഥാന വിഹിതമായ 25 ശതമാനം നല്കാൻ സർക്കാർ കാണിക്കുന്ന വിമുഖത മൂലം ക്രൈസ്തവ വിദ്യാർഥികൾക്ക് അത് നഷ്ടമാകുന്ന അവസ്ഥയുണ്ട്. ഇത്തരത്തിലുള്ള വിവേചനം സർക്കാർ അവസാനിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭീകര പ്രവർത്തനങ്ങളിൽ യുവാക്കൾ ആകൃഷ്ടരാകുന്നുണ്ടെന്നും മതസംഘടനകളുടെ ശരിയായ പ്രവർത്തനം അതിന് പരിഹാരമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മദ്യാസക്തിയും സ്ത്രീ ഭ്രൂണഹത്യയും കേരളം നേരിടുന്ന വിപത്തുകളാണെന്നും അവയ്ക്കെതിരേ കത്തോലിക്ക സമുദായ സംഘടനകൾ മുന്നോട്ടുവരണമെന്നും അദ്ദേഹം പറഞ്ഞു. കാത്തലിക് യൂണിയൻ വൈസ് പ്രസിഡന്റ് തോമസ് സെക്യൂറ അധ്യക്ഷനായിരുന്നു. ദേശീയ സെക്രട്ടറി തോമസ് ജോൺ തേവരത്ത്, പി.ഐ ആന്റണി, പ്രഫ.വി.എ വർഗീസ്, ജോസഫ് വിക്ടർ മരക്കാശേരി, സെബാസ്റ്റ്യൻ വടശേരി, അഡ്വ.ജോസ് വിതയത്തിൽ, സി.എൽ ഇഗ്നേഷ്യസ്, ജോസ് ആഞ്ഞിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## 07. മാർക്സിസവും ദൈവവിശ്വാസവും ഒന്നിച്ചുപോകില്ല: എകെസിസി

മാർക്സിസവും ദൈവവിശ്വാസവും ഒന്നിച്ചുപോകില്ലെന്നതിന്റെ അവസാന തെളിവാണ് മുൻ എംപി കെ.എസ് മനോജിന്റെ വെളിപ്പെടുത്തലെന്ന് എകെസിസി പാലാ രൂപത നേതൃസമ്മേളനം അഭിപ്രായപ്പെട്ടു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു പറഞ്ഞ കാൾ മാർക്സിന്റെ കാലഘട്ടത്തിൽനിന്ന് ഒട്ടും മുന്നോട്ടു പോകാൻ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നുള്ളതിന്റെ ഉദാഹരണമാണ് തെറ്റുതിരുത്തൽ രേഖ. നേതാക്കൾക്കു പാടില്ലാത്ത ദൈവവിശ്വാസം അണികൾക്കാകാം എന്ന നിലപാട് വിശ്വാസികളുടെ കണ്ണിൽ പൊടിയിട്ടു വോട്ട് തട്ടിയെടുക്കാനുള്ള അടവുനയം മാത്രമാണ്. ഒരു വശത്ത് നിരീശ്വരത്വവും മറുവശത്ത് കപട വിശ്വാസവുമായി ക്ഷേത്രങ്ങളിലും ദേവാലയങ്ങളിലും സമുദായസംഘടനകളിലും പ്രവർത്തിക്കുന്നവരെ സമൂഹം തിരിച്ചറിയണം. കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരികയോ ശക്തി പ്രാപിക്കുകയോ ചെയ്തിട്ടുള്ള സ്ഥലങ്ങളിലെല്ലാം ആദ്യ യുദ്ധം മതവും ദൈവവുമായിട്ടായിരുന്നുവെന്നതു ചരിത്രം നൽകുന്ന പാഠമാണ്. യഥാർഥ വിശ്വാസത്തിന്റെ പേരിൽ ആത്മസംഘർഷം അനുഭവിക്കുന്ന പ്രവർത്തകർ പ്രത്യയശാസ്ത്രം ഉപേക്ഷിച്ച് പാർട്ടിയിൽനിന്നും മുന്നണിയിൽനിന്നും പുറത്തുവരാൻ തയാറാകണം. പുരോഗമനത്തിന്റെയും അക്ഷരസ്നേഹത്തിന്റെയും പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്നവർ സാംസ്കാരികനായകർക്കു നേരേ നടത്തുന്ന അക്രമങ്ങൾ അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് എം.എം ജേക്കബ് അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, ജോയി മുത്തോലി, ബെന്നി പാലക്കത്തടം എന്നിവർ പ്രസംഗിച്ചു.

## 08. ക്രൈസ്തവ സഭകളുടെ ഐക്യം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് പവ്വത്തിൽ

ക്രൈസ്തവ സഭകളുടെ ഏകീകരണമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ. കുമരകം വടക്കുംകര സെന്റ് ജോൺസ് പള്ളിയുടെ 250-ാം വാർഷിക പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭകളുടെ ഐക്യം സാധ്യമാകണമെങ്കിൽ ദൈവാനുഗ്രഹം ഉണ്ടാകണം. വർഗീയതയുടെ വക്താക്കളാകാതെ നാം സത്യാന്വേഷകരായി തീരണം. വിശ്വാസത്തിൽ ഉറച്ച് നിന്ന് ദൈവഹിതം നിറവേറ്റുന്നവരാണോ നാമെന്ന് ആത്മപരിശോധന നടത്തണം. വിദ്യാഭ്യാസം സൗജന്യമായി ലഭിക്കണമെന്ന ചിന്ത നാം വെടിയണം. ഉന്നതവിദ്യാഭ്യാസം സൗജന്യമായി നൽകേണ്ടതിന്റെ ബാധ്യത സർക്കാരിനാണ് - മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി. ജൂബിലിയോടനുബന്ധിച്ച് നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതി ആർച്ച്ബിഷപ് ഉദ്ഘാടനം ചെയ്തു. ഇടവകയിൽ ജനിക്കുന്ന ഓരോ കുട്ടിയുടെയും പേരിൽ 25,000 മുതൽ അമ്പതിനായിരം വരെ രൂപ ബാങ്കിൽ നിക്ഷേപിച്ച് കുട്ടിക്ക് 18 വയസാകുമ്പോൾ ലക്ഷങ്ങളായി ഉന്നത പഠനത്തിനുവേണ്ടി നൽകുന്ന ഈ പദ്ധതി ദേവാലയങ്ങളിൽ ഇഥംപ്രഥമമാണെന്ന് ജോ സ് കെ മാണി എംപി അഭിപ്രായപ്പെട്ടു. കോട്ടയ്ക്കുപുറം പള്ളി വികാരി ഫാ.സക്കറിയാസ് പുതുപറമ്പിൽ, കുടമാളൂർ സെന്റ് മേരീസ് ഫൊറോനാ വികാരി ഫാ.ജോർജ് കൂടത്തിൽ, ഫാ.തോമസ് ആലുംപറമ്പിൽ, ഫാ.മൈക്കിൾ കട്ടക്കയം, കോട്ടയം നഗരസഭ വൈസ് ചെയർമാൻ ജോമോൻ തോമസ്, കുമരകം സഹകരണ ബാങ്ക് പ്രസിഡന്റ് ഫിലിപ്പ് സക്കറിയ, സി.ടി തോമസ് ചാണാൻച്ചേരിൽ, അലക്സാണ്ടർ ചാക്കോ കട്ടക്കയം, സ്റ്റീഫൻ ജോർജ്, വികാരി ഫാ.സെബാസ്റ്റ്യൻ എഴുനൂറ്റിൽ, കൈക്കാരൻ ജോസ് എ തയ്യിൽ എന്നിവർ പ്രസംഗിച്ചു.

**"Jagratha News"** - An internet news service is free and for private circulation, Web: jagrathakcbc.blogspot.com. Designed and Edited by Fr. Johny Kochuparambil MST, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25